(സി) ഓരോ പാലത്തിന്റെയും എസ്റ്റിമേറ്റ് തുക എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ). കോഴിക്കോട് കനോലി കനാലിന് കുറുകെ മൂരിയാട് ചെമ്പകത്താഴം, കുണ്ടുപ്പറമ്പ് നെഞ്ചുന്തി എന്നീ സ്ഥലങ്ങളിലാണ് നടപ്പാലം നിർമ്മിക്കുന്നത്.

(ബി) മൂരിയാട് ചെമ്പകത്താഴം ഭാഗത്തെ നടപ്പാലത്തിന്റെ പ്രവൃത്തി 2010 ജനുവരിയിൽ ആരംഭിച്ചു. ഏകദേശം 90 ശതമാനത്തോളം പ്രവൃത്തിയും പൂർത്തീകരിച്ചു. ശേഷിക്കുന്ന പ്രവൃത്തി ഒരു മാസത്തിനകം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

കുണ്ടുപ്പറമ്പ് നെഞ്ചുന്തി ഭാഗത്തെ നടപ്പാലത്തിന്റെ പ്രവൃത്തി തുടങ്ങാനിരുന്ന സ്ഥലത്തോട് ചേർന്ന ഭൂമി സ്വകാര്യ വ്യക്തിയുടെതാണെന്ന് അവകാശപ്പെട്ട് കോടതിയിൽ അന്യായം ഫയൽ ചെയ്തിരിക്കുകയാണ്. തർക്കം തീരുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

(സി) മൂരിയാട് ചെമ്പകത്താഴം, കുണ്ടുപ്പറമ്പ് നെഞ്ചുന്തി എന്നിവിടങ്ങളിലെ നടപ്പാലത്തിന്റെ എസ്റ്റിമേറ്റ് തുക 15 ലക്ഷം രൂപ വീതമാണ്.

വടകര മണ്ഡലത്തിൽ കൈ കനാലുകൾ

118 (5008) ശ്രീ. എം. കെ. പ്രേംനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര മണ്ഡലത്തിൽ കുറ്റ്യാടി ഇറിഗേഷന്റെ കീഴിൽ എത്ര പഞ്ചായത്തുകളിൽ കൂടി കൈകനാലുകൾ കടന്ന് പോകുന്നുണ്ടെന്ന് വ്യക്തമാക്കാമോ ; അവ ഏതെല്ലാം എന്നും ഏത് വർഷത്തിൽ നിർമ്മിച്ചതെന്നും വ്യക്തമാക്കാമോ ;

(ബി) ഇപ്രകാരം നിർമ്മിച്ച കൈകനാലുകളിൽ കൂടി മറ്റേതെങ്കിലും കാർഷികാവശ്യങ്ങൾക്ക് വെള്ളം ഒഴുക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(സി) ഇത്തരം കനാലുകൾ എല്ലാ സ്ഥലത്തും നിർമ്മിച്ചത് അതേപടി തന്നെ നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വടകര മണ്ഡലത്തിലെ 5 പഞ്ചായത്തുകളിൽകൂടി കുറ്റ്യാടി പദ്ധതിയുടെ കൈകനാലുകൾ കടന്നുപോകുന്നുണ്ട്. അവയുടെ പേര് താഴെ ചേർക്കുന്നു.

1. കാർത്തികപ്പള്ളി ഡിസ്ട്രിബ്യൂട്ടറി & ഫീൽഡ്ബോത്തി.
2. കുറുഞ്ഞാലിയോട് ഡിസ്ട്രിബ്യൂട്ടറി
3. ചോറോട് ഡിസ്ട്രിബ്യൂട്ടറി
4. വൈക്കിലിശ്ശേരി ഡിസ്ട്രിബ്യൂട്ടറി

LIBRARY ARCHIVES Kerala Legislative Assembly

5. ഓർക്കാട്ടേരി ഡിസ്ട്രിബ്യൂട്ടറി, സബ് ഡിസ്ട്രിബ്യൂട്ടറി & ഫീൽഡ് ബോത്തി
6. ഏറാമല ഡിസ്ട്രിബ്യൂട്ടറി
7. തട്ടോളിക്കര ഡിസ്ട്രിബ്യൂട്ടറി
8. കല്ലാമല ഡിസ്ട്രിബ്യൂട്ടറി
9. മയ്യന്നൂർ സബ് ഡിസ്ട്രിബ്യൂട്ടറി
10. ഉരാളുങ്കൽ ഫീൽഡ്ബോത്തി
11. വില്യാപ്പള്ളി ഡിസ്ട്രിബ്യൂട്ടറി
12. നടക്കുതാഴെ ഡിസ്ട്രിബ്യൂട്ടറി, സബ് ഡിസ്ട്രിബ്യൂട്ടറി
13. പുതുപ്പണം ഡിസ്ട്രിബ്യൂട്ടറി, സബ് ഡിസ്ട്രിബ്യൂട്ടറി
14. തോണിതലയ്ക്കൽ ഡിസ്ട്രിബ്യൂട്ടറി

1962-ൽ ഈ പദ്ധതിയുടെ പ്രവൃത്തികൾ ആരംഭിക്കുകയും 1993-ൽ പദ്ധതി പൂർത്തിയായതായി പ്രഖ്യാപിക്കുകയും ചെയ്തതാണ്.

(ബി) ഇപ്രകാരം നിർമ്മിച്ച കൈക്കനാലുകളിൽക്കൂടിയാണ് ജലസേചനത്തിന് വെള്ളം കൊടുത്തുവരുന്നത്. കഴിഞ്ഞ വർഷം കുറുഞ്ഞാലിയോട് ഡിസ്ട്രിബ്യൂട്ടറിയിൽ 0/750 Km വരേയും ചോറോട് ഡിസ്ട്രിബ്യൂട്ടറിയിൽ 2/200 Km വരേയും വൈക്കുലിശ്ശേരി ഡിസ്ട്രിബ്യൂട്ടറിയിൽ അവസാനഭാഗം വരേയും ഓർക്കാട്ടേരി ഡിസ്ട്രിബ്യൂട്ടറിയിൽ 1/500 Km വരേയും ഏറാമല ഡിസ്ട്രിബ്യൂട്ടറിയിൽ 0/900 Km വരേയും വില്യാപ്പള്ളി ഡിസ്ട്രിബ്യൂട്ടറിയിൽ 2/00 Km വരേയും നടക്കുതാഴെ ഡിസ്ട്രിബ്യൂട്ടറിയിൽ1/100 Km വരേയും സബ് ഡിസ്ട്രിബ്യൂട്ടറിയിൽ 0/600 Km വരേയും പുതുപ്പണം ഡിസ്ട്രിബ്യൂട്ടറിയിൽ അവസാനഭാഗംവരേയും സബ് ഡിസ്ട്രിബ്യൂട്ടറിയിൽ1/600 Km വരേയും വെള്ളം ഒഴുക്കിയിട്ടുണ്ട്.

(സി) കാലപ്പഴക്കംമൂലവും യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലവും കൈക്കനാലുകൾ പലതും മണ്ണിടിഞ്ഞു കിടക്കുകയാണ്. എങ്കിലും മുൻവർഷങ്ങളെക്കാൾ കാര്യമായി 2010 വർഷത്തിൽ ജലസേചനം നടത്തിയിട്ടുണ്ട്.

ചപ്പാരപ്പടവിൽ തടയണ

119 (5009) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മുനിസിപ്പാലിറ്റിയിലേക്ക് ചപ്പാരപ്പടവ് പുഴയിൽ നിന്നും ജലം കൊണ്ടുപോകുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ കൈക്കൊണ്ട യോഗതീരുമാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly